# (iv) ഇഹ്സാൻ

ഈമാൻ, ഇസ്ലാം ഇവ എന്താണെന്ന് വിശദീകരിക്കുന്ന ഒരു പ്രവാചക വചനം അവസാനിക്കുന്നത് ഇങ്ങനെയാണ്: “ഇഹ്സാൻ (നന്മ) എന്നാൽ ദൈവത്തെ നീ കൺമുമ്പിൽ കാണുന്നുണ്ടെന്ന പോലെ അവനെ സേവിക്കലാണ്. യഥാർഥത്തിൽ നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.” ഈമാൻ ഹൃദയത്തിലുള്ള വിശ്വാസവും ഇസ്ലാം ആ വിശ്വാസമനുസരിച്ചുള്ള കർമങ്ങളുമാണെങ്കിൽ ഇഹ്സാൻ കർമങ്ങൾ അനുഷ്ഠിക്കുമ്പോൾ വിശ്വാസിക്കുണ്ടായിരിക്കേണ്ട മാനസിക ഭാവമാണ്. ദൈവം തന്റെ ഓരോ ചലനവും മനോവികാരങ്ങളും കണ്ടുകൊണ്ട് തൊട്ടുമുമ്പിൽ തന്നെയുണ്ട് എന്ന വിചാരത്തോടെ ജീവിക്കുക എന്നാണതു കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവത്തിനുള്ള ആത്മ സമർപ്പണത്തിന്റെ ഏറ്റവും ഉദാത്തവും സുന്ദരവുമായ രീതിയാണിത്. വിശ്വാസത്തിന്റെ പൂർണതയും സൗന്ദര്യവും ദൃശ്യമാകുന്നത് ഇഹ്സാനിലൂടെയാണ്. ഇഹ്സാനെ ഇസ്ലാമിന്റെ ആധ്യാത്മിക സംസ്കാരമെന്നും വിളിക്കാം. ഉപരിസൂചിത നബിവചനത്തിൽ ഇഹ്സാനായി വിശേഷിപ്പിക്കപ്പെട്ട ‘ദൈവത്തെ സേവിക്കുക’ എന്ന പ്രയോഗം വളരെ അർഥവത്താണ്. ആരാധനകളെ മാത്രമല്ല, ജീവിതത്തിലുടനീളമുള്ള മനുഷ്യ സ്വഭാവത്തെയും അത് സ്പർശിക്കുന്നുണ്ട്. ഇസ്ലാമിന്റെ ആധ്യാത്മിക വീക്ഷണത്തിൽ ഏറ്റവും സംസ്കാര സമ്പന്നരെന്ന് വിളിക്കുന്നത് തങ്ങളുടെ എല്ലാ പ്രവൃത്തികളിലും ദൈവേച്ഛയെ ശ്രദ്ധാപൂർവം അനുധാവനം ചെയ്യുന്നവരെയാണ്. അതുതന്നെയാണ് ഇഹ്സാൻ. പില്ക്കാലത്ത് സവിശേഷമായ ഒരാധ്യാത്മിക ചിന്താസരണിയായി രൂപപ്പെട്ട സ്വൂഫിസത്തിന്റെ അടിസ്ഥാനവും ഈ ഇഹ്സാൻ തന്നെയാണ്.